## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.ആർ.ശ്രീലത**

വിഷയം : വനം വകുപ്പ് - ജീവനക്കാര്യം - ടൈപ്പിസ്റ്റുമാർക്ക് റേഷ്യോ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് -സംബന്ധിച്ച്.

സൂചന :
1) ഈ ഓഫീസിലെ 06.06.2015 ലെ ഇ2-600/2010 നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 21.02.2010 ലെ ഇ2-5510/2010 നമ്പർ ഉത്തരവ്.
3) ഈ ഓഫീസിലെ 20.03.2015 ലെ ഇ2-21208/14 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ2-18384/2015 തീയതി 16 /10/2015.**

വനംവകുപ്പിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.കെ. ബാബു, ഇ. നളിനി എന്നിവർ വിരമിച്ചതുമൂലവും ശ്രീ. ജസ്റ്റിൻ ജോസഫ് യു. സീനിയർ ക്ലാർക്കായി തസ്തികമാറ്റം നേടിയതുമൂലവും, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. മേൽപറഞ്ഞ 3 ഒഴിവുകളിലേയ്ക്ക് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി.ടൈപ്പിസ്റ്റുമാരുടെ 01.01.2010 തീയതി കണക്കാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റിൽ താഴെ പറയുന്ന അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാർ യോഗ്യത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര് | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 93 | മുഹമ്മദുന്നിസ SMJ | O/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ സൗത്ത് | 01.06.2015 |
| 2 | 94 | ജയപ്രകാശ് A.K. | O/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെൻമാറ | 01.06.2015 |
| 3 | 95 | എൽസി. കെ.കെ. | O/o.വൈൽഡ്ലൈഫ് , വാർഡൻ, പീച്ചി | 01.06.2015 |

E:\valsala 2015\Proceeding\E2-18384-15 dt.17.10.doc

മേൽ പറഞ്ഞ 3 യു.ഡി. ടൈപ്പിസ്റ്റുമാരെ അവരുടെ പേരിനു നേരേ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും, അവർ ഇപ്പോൾ ജോലിനോക്കുന്ന യു.ഡി.ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയായി താൽക്കാലികമായി ഉയർത്തി, അതത് ഓഫീസിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്ന് യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. നിലവിലെ റേഷ്യോ കണക്കാക്കുമ്പോൾ വനം വകുപ്പിൽ അനുവദനീയമായ 44 യു.ഡി.ടൈപ്പിസ്റ്റ് തസ്തകകളിൽ 45 പേർ ജോലി ചെയ്തുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ മൂന്നു യു.ഡി.ടൈപ്പിസ്റ്റുമാർക്ക്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി പ്രൊമോഷൻ ലഭിച്ചതിനെ തുടർന്ന് നിലവിലുള്ള രണ്ട് ഒഴിവുകളിലേയ്ക്ക് മാത്രമേ യു.ഡി.ടൈപ്പിസ്റ്റുമാരായി റേഷ്യോ പ്രൊമോഷൻ അനുവദിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ താഴെ പറയുന്നവർ യു.ഡി.ടൈപ്പിസ്റ്റ് ആയി സ്ഥാനക്കയറ്റത്തിന് യോഗ്യതയുണ്ട്.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര് | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 12 | സിന്ധു. കെ.കെ. | 0/o.അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, (സോഷ്യൽ ഫോറസ്ട്രി), ഇടുക്കി. | 01.06.2015 |
| 2 | 13 | നസിയ സിദ്ദിക്. M | 0/o.ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളയിംഗ് സ്ക്വാഡ്, ഇടുക്കി | 01.06.2015 |

മേൽ പറഞ്ഞ സാഹചര്യത്തിൽ, മേൽ പറഞ്ഞ 2 എൽ.ഡി. ടൈപ്പിസ്റ്റുമാരെ അവരുടെ പേരിനുനേരെ കാണിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ 13210 - 22360 രൂപാ

ശമ്പള സ്കെയിലിൽ, യു.ഡി.ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം നൽകികൊണ്ടും, അവർ ഇപ്പോൾ ജോലിനോക്കുന്ന എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകൾ യു.ഡി.ടൈപ്പിസ്റ്റ് തസ്തികകളായി ഉയർത്തി, അതാത് ഓഫീസുകളിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :

1) വ്യക്തികൾക്ക് (മേലധികാരി മുഖേന)
2) എല്ലാ ചീഫ് ഫോറസ്റ്റ് ഓഫീസർ / ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
3) ഫയൽ / സ്റ്റോക്ക് ഫയൽ / സ്പെയർ
4) വനം വകുപ്പിന്റെ വെബ്സൈറ്റിലേക്ക്.